# പെരുന്നാൾ - വിധി വിലക്കുകൾ

[Malayalam]

# العيدين: أحكامهما وآدابهما

[ باللغة مليالم ]


മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

محمد صالح المنجد

വിവർത്തനം: സുമയ്യ മനാഫ് അരീക്കോട്

مترجم: سمية مناف اريكود

പരിശോധന: മുഹമ്മദ് കുഞ്ഞി ഉദിനൂർ

مراجعة: محمد كنهي حميد



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض المملكة العربية السعودية

islamhouse.com

1429 – 2008

بسم الله الرحمن الرحيم

## പെരുന്നാളിന്റെ വിധി വിലക്കുകളെക്കുറിച്ച് പ്രമുഖ സൗദി പണ്ഡിതനായ ശൈഖ് സ്വാലിഹ് അല്‍ മുനജ്ജിദിന്റെ ഫത്വ

പ്രവാചകന്‍(ﷺ) പറഞ്ഞു: ''എല്ലാ ജനതയ്ക്കും ആഘോഷങ്ങളുണ്ട്'' ''ഇത് നിങ്ങളുടെ ആഘോഷമാണ്.'' ഇവിടെ പ്രവാചകന്‍ പരാമര്‍ശിച്ച വസ്തുത ഈ രണ്ട് ആഘോഷങ്ങളും, മുസ്ലിങ്ങള്‍ക്ക് മാത്രമായുള്ളതാണ് എന്നാണ്.

''ഈദുല്‍ഫിത്വര്‍''ഉം''ഈദുല്‍ അള്ഹാ''യും കൂടാതെ മുസ്ലിം ജനതയ്ക്ക് മറ്റ് ആഘോഷങ്ങളില്ല. അനസ്(ﷺ)പറയുന്നു. ''അല്ലാഹുവിന്റെ തിരുദൂതര്‍ (ﷺ) മദീനയില്‍ ആഗതനായ വേളയില്‍ മദീനയിലെ ജനങ്ങള്‍ രണ്ട് ആഘോഷങ്ങള്‍ കൊണ്ടാടിയിരുന്നു. ആ ദിവസങ്ങളെ അവര്‍ ഉത്സവാഘോഷങ്ങളോടെയായിരുന്നു ആചരിച്ചിരുന്നത്. പ്രവാചകന്‍(ﷺ) അന്‍സാറുകളോട് ഇതിനെക്കുറിച്ചാരാഞ്ഞു. അവര്‍ തങ്ങളുടെ ആഘോഷങ്ങളെക്കുറിച്ചും അവരുടെ ഉത്സവരീതിയെക്കുറിച്ചും വിവരിച്ചു കൊടുത്തു. അപ്പോള്‍ പ്രവാചകന്‍ ഇങ്ങനെ പ്രതിവചിച്ചു. ''ആ ദിവസങ്ങള്‍ക്ക് പകരം മറ്റ് രണ്ട് ദിവസങ്ങളെ അല്ലാഹു നിങ്ങള്‍ക്ക് നിശ്ചയിച്ചു തന്നിരിക്കുന്നു. അവയേക്കാള്‍ ഉത്കൃഷ്ടമായ രണ്ട് ദിനങ്ങള്‍: ഈദുല്‍ ഫിത്‌റും ഈ ദുല്‍ അള്ഹയും''. (അബൂദാവൂദ്)

ഈ രണ്ട് സുദിനങ്ങള്‍ അല്ലാഹുവില്‍ നിന്നുള്ള അടയാളങ്ങളാണ് ആ അനുഗ്രഹങ്ങള്‍ക്ക് നാം അല്ലാഹുവിനോട് നന്ദികാണിക്കുകയും അവയുടെ ലക്ഷ്യപ്രാപ്തി കരഗതമാക്കുകയും വേണം.

## ഈദ് ദിനത്തിലെ വിധി വിലക്കുകള്‍.

1. **വ്രതാനുഷ്ഠാനം:**

   പെരുന്നാള്‍ ദിനത്തില്‍ നോമ്പനുഷ്ഠിക്കല്‍ നിഷിദ്ധമാണ്. അബു സഈദ് അല്‍ഖുദ്‌രി (ﷺ) റിപ്പോര്‍ട്ട് ചെയ്ത 'അല്ലാഹുവിന്റെ പ്രവാചകന്‍ (ﷺ) ഈദുല്‍ ഫിത്ര്‍ ദിനത്തിലും ഈദുല്‍

അള്ഹയുടെ ദിനത്തിലും വ്രതമനുഷ്ഠിക്കുന്നത് വിലക്കിയിട്ടുണ്ട്' എന്ന് ഹദീസ് ഇത് പ്രബലപ്പെടുത്തുന്നു. (മുസ്‌ലിം)

**2. പെരുന്നാൾ നമസ്ക്കാരം:**

ഈദ് നമസ്കാരം (പെരുന്നാൾ നമസ്ക്കാരം) നിർബന്ധ (വാജിബ്)മാണെന്ന പക്ഷക്കാരാണ് ചില പണ്ഡിതർ. ഹനഫി പണ്ഡിതന്മാരും ശൈഖ് അൽ ഇസ്ലാം ഇബ്നു തീമിയ്യയും ഈ വാദക്കാരാണ്. ചില പണ്ഡിതന്മാരാകട്ടെ പെരുന്നാൾ നമസ്ക്കാരം ഫർള് കിഫ(സാമൂഹിക ബാദ്ധ്യത)യാണെന്ന പക്ഷക്കാരാണ്. സമൂഹത്തിലെ നിശ്ചിത ശതമാനം ആളുകളെങ്കിലും നിർവ്വഹിച്ചാൽ എല്ലാവരുടെയും ബാദ്ധ്യത തീർന്നു കുറ്റ വിമുക്തരാക്കപ്പെടും എന്നതാണ് ഹൻബലി വിഭാഗത്തിന്റെ വിശ്വാസ പ്രമാണം. മൂന്നാമതൊരു വിഭാഗം ഈദ് നമസ്ക്കാരം പ്രബലമായ സുന്നത്താണെന്ന് വിശ്വസിക്കുന്നു. (മാലികികളുടെയും ശാഫികളുടെയും മദ്ഹബ്)

**3. സുന്നത്ത് നമസ്ക്കാരങ്ങൾ:**

പെരുന്നാൾ നമസ്കാരത്തിന് മുമ്പോ പിമ്പോ സുന്നത്ത് നമസ്ക്കാരങ്ങൾ നിർവ്വഹിക്കേണ്ടതില്ല. ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: പ്രവാചകൻ (ﷺ) പെരുന്നാൾ നമസ്ക്കാരം നിർവ്വഹിക്കുന്നതിന് മുമ്പോ പിമ്പോ സുന്നത്ത് നമസ്ക്കാരങ്ങൾ നിർവ്വഹിക്കലില്ലായിരുന്നു. പക്ഷെ പള്ളിയിൽ വെച്ചാണ് ഈദ് നമസ്ക്കാരം നിർവ്വഹിക്കപ്പെടുന്നത് എങ്കിൽ തീർച്ചയായും തഹിയ്യത്തുൽ മസ്ജിദിന്റെ സുന്നത്ത് നിർവ്വഹിക്കൽ നിർബന്ധമാണ്.

**4. സ്ത്രീകളും ഈദ് നമസ്ക്കാരവും:**

പ്രവാചകന്റെ(ﷺ) സുന്നത്ത് അനുസരിച്ച ഓരോ മുസ്ലിമും ഈദ്ഗാഹുകളിൽ ഭക്തി സാന്ദ്രമായി കർത്തവ്യ നിഷ്ഠയോട് കൂടി സമ്മേളിച്ച് സഹകരിക്കേണ്ടതാണ്. ആർത്തവകാരികളായ സത്രീകൾ മസ്ജിദുകളെ കൂടാതെ അല്ലാഹുവിനെ സ്മരിക്കുന്ന സ്ഥലങ്ങളിൽ നിന്നോ അതിനായി സംഘടിപ്പിക്കപ്പെടുന്ന വിജ്ഞാനസദസ്സുകളിൽ നിന്നോ വിട്ടു നിൽക്കാൻ പാടില്ല.

ഹിജാബില്ലാതെ സ്ത്രീകൾ സ്വന്തം വീട്ടിൽ നിന്നും നിർബ ന്ധമായും പുറത്തിറങ്ങാൻ പാടില്ല

## പെരുന്നാൾ ആഘോഷത്തിന്റെ മര്യാദകൾ: നിബന്ധനകൾ:

### 1. സ്നാനം:

പെരുന്നാളിന്റെ പെരുമാറ്റചട്ടത്തിന്റെ ഏറ്റവും പ്രബലമായ കാ ര്യം നമസ്ക്കാരത്തിന്ന് അണയുന്നതിന്ന് മുമ്പുള്ള കുളിയാണ്.

സഈദ് ബിൻ ജുബയ്റിൽ നിന്നും നിവേദനം: മൂന്ന് കാര്യ ങ്ങൾ പെരുന്നാൾ ദിനത്തിൽ സുന്നത്താണ്.

1.ഈദ് ഗാഹിലേക്ക് നടന്ന് യാത്ര ചെയ്യൽ

2.സ്നാന നിർവ്വഹണം (കുളി)

3.ലഘു ഭക്ഷണം (ഈദുൽ ഫിത്ർ)

(ബുഖാരി, മുസ്ലിം)

### 2. ഈദ് ഗാഹിലേക്ക് പുറപ്പെടും മുമ്പുള്ള ഭക്ഷണം:

ഈദുൽ ഫിത്ർ നാളിൽ ഭക്ഷണം കഴിക്കാതെ ഈദ് ഗാഹിൽ പോകരുത്. കാരണം അനസ് ബിൻ മാലിക്കിൽ (ﷺ) നിന്നും ബുഖാരി (ﷺ) നിവേദനം ചെയ്യുന്ന ഹദീസിൽ ഇങ്ങനെ കാണു ന്നു. പ്രവാചകൻ (ﷺ) ഈദിന്റെ ദിനങ്ങളിൽ, ഏതാനും കാര ക്കകൾ ഭക്ഷിക്കാതെ പുറപ്പെടാറില്ലായിരുന്നു. അവ ഒറ്റയായി ട്ടായിരുന്നു നബി(സ) അത് ഭക്ഷിച്ചിരുന്നത്. പക്ഷെ ബലിപെരു ന്നാൾ നാളിൽ നമസ്ക്കാരം നിർവ്വഹിച്ച ശേഷം ഭക്ഷണം കഴി ക്കുന്നതാണ് അഭികാമ്യം. അത് ബലിയറുത്ത മാംസത്തിൽ നിന്നും ഒരു ഭാഗം ഭക്ഷിക്കുന്നത് വരെയായിരിക്കൽ ഉത്തമമാ ണ്.

### 3. തക്ബീർ ചൊല്ലൽ

പെരുന്നാൾ ദിനത്തിൽ തക്ബീർ ചൊല്ലുന്നത് പ്രബലമായ സുന്നത്താണ്. ഇമാം ദാറക്ത്തനിയിൽ നിന്നുള്ള ഒരു നിവേദന പ്രകാരം ഇബ്നു ഉമർ (ﷺ) ഈദുൽ ഫിത്ർ ദിനത്തിലും ബലി പെരുന്നാൾ ദിനത്തിലും ഈദ് ഗാഹിലേക്ക് പുറപ്പെട്ട് അവിടെ എത്തി ഇമാം ഈദ് ഗാഹിൽ അണയുന്നത് വരെയും തക്ബീർ ധ്വനി ഉയർത്താറുായിരുന്നു.

4. **ആശംസകൈമാറൽ:**

ഈദിന്റെ സുദിനത്തിൽ ജനങ്ങൾ പരസ്പരം ഈദാശംസ കൈമാറാം. ഏതു രൂപത്തിലുള്ള ആശംസകളും ആകാവു ന്നതാണ്. تقبل الله منا ومنكم

(അല്ലാഹു എന്റെയും നിങ്ങളുടെയും സത്കർമ്മങ്ങൾ സ്വീകരി ക്കുമാറാകട്ടെ). ജുബയ്ർ ഇബ്ൻ നുഫയ്ൽ പറയുന്നു: പ്രവാ ചകന്റെ(ﷺ) കാലത്ത് ജനങ്ങൾ പരസ്പരം ആശംസ കൈമാറി യിരുന്നത് ഈ ഉത്കൃഷ്ടമായ പ്രാർത്ഥന ഉപയോഗിച്ചായിരു ന്നു. (ഇബ്നുഹജർ)

5. **വസ്ത്രധാരണം:**

ജാബിർ (رضي الله عنه) പറയുന്നു: നബി(ﷺ) തന്റെ ജുബ്ബ (നീളൻ കുപ്പാ യം) പെരുന്നാൾ ദിനത്തിലും വെള്ളിയാഴ്ചകളിലും ധരിക്കാറു യിരുന്നു. (***സ്വഹീഹ് ഇബ്നു ഖുസൈമ (1765)***) അൽ ബൈഹഖി യിൽ നിന്നും നിവേദനം: ഇബ്നു ഉമർ (رضي الله عنه) തന്റെ ഏറ്റവും നല്ല വസ്ത്രങ്ങളായിരുന്നു പെരുന്നാൾ ദിനത്തിൽ അണിഞ്ഞിരുന്ന ത്. അത്കൊണ്ട് നാം നമ്മുടെ ഏറ്റവും നല്ല വസ്ത്രങ്ങൾ അണിഞ്ഞ് നാം ഈദുഗാഹുകളിലെത്തുക.

6. **വഴിമാറൽ:**

ജാബിർ ഇബ്നു, അബ്ദുല്ല (رضي الله عنه) നിവേദനം: നബി(ﷺ) ഈദ് ദി നത്തിൽ ഈദ് ഗാഹിൽ ആഗമിക്കുന്ന വഴിയിൽ നിന്നും വ്യത്യ സ്തമായി മറ്റൊരു വഴിയിലൂടെയാണ് തിരിച്ച് വീട്ടിലേക്ക് തിരിച്ച് നടന്നിരുന്നത്. (ബുഖാരി)

**وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين**

**والحمد لله ربّ العالمين.**

***************